# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 353 03.02.2020-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ പരിഷ്കരണം

**ചോദ്യം**

ശ്രീ.സജി ചെറിയാൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര മ്യൂസിയങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | പുരാവസ്തുവകുപ്പിന് കീഴിൽ നിലവിൽ 11 മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ കിഴിലുള്ള മ്യൂസിയങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. പത്മനാഭപുരം കൊട്ടാരം, തക്കല, കന്യാകുമാരി, തമിഴ് നാട്<br>2. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്<br>3. കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം<br>4. വേലുത്തമ്പി ദളവാ മ്യൂസിയം, മണ്ണടി<br>5. കൃഷ്ണപുരം കൊട്ടാരം, കായംകുളം<br>6. ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ<br>7. ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ<br>8. ഹിൽപ്പാലസ് മ്യൂസിയം, എറണാകുളം<br>9. പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്<br>10.കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയം, വടകര<br>11. പഴശ്ശികുടീരം പ്രോജക്ട് മ്യൂസിയം, മാനന്തവാടി<br><br>ഇവ കൂടാതെ ഓരോ ജില്ലയിലും അതാത് ജില്ലകളുടെ പൈതൃകം ഉൾപ്പെടുത്തി മ്യൂസിയം സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം,പാലക്കാട്, ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ നേപ്പിയർ മ്യൂസിയം, ശ്രീചിത്രാ എൻക്ലേവ്, ശ്രീചിത്രാ ആർട്ട് ഗ്യാലറി, കെ.സി.എസ്.പണിക്കർ ഗ്യാലറി എന്നിവയും, തൃശ്ശൂർ ജില്ലയിലെ സംസ്ഥാന മ്യൂസിയം മൃഗശാലയിൽ കലാമ്യൂസിയവും, മൾട്ടിപർപ്പസ് മ്യൂസിയവും, കോഴിക്കോട് ജില്ലയിൽ ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയവും, പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ നവീകരണവും വയനാട് ജില്ലയിലെ കുങ്കിച്ചിറ മ്യൂസിയം സജ്ജീകരണവും പുരോഗമിക്കുന്നു.<br><br>പുരാരേഖാ വകുപ്പിന്റെ കീഴിൽ നിലവിൽ 2 മ്യൂസിയങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കൈയ്യൊപ്പ് രേഖാലയ മ്യൂസിയവും വൈക്കത്ത് സ്ഥിതി ചെയ്യുന്ന വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയവും |

| | | | |
|---|---|---|---|
| | | | ഇന്ററാക്ടിവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് കേരളം ചരിത്ര പൈതൃക മ്യൂസിയം പ്രവർത്തിച്ചു വരുന്നു. |
| (ബി) | കാലഘട്ടത്തിന്റെ ആവശ്യകത ഉൾക്കൊണ്ട് മ്യൂസിയങ്ങളെ കാലോചിതമായി പരിഷ്കരിക്കുന്നത് ആലോചനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. നവീന ആശയങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് തീമാറ്റിക് ഇന്ററാക്ടിവ് മ്യൂസിയം സങ്കല്പം പ്രയോഗത്തിലെത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം എന്നിവ ഈ നിലയിൽ സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്കു തുറന്നു നൽകി. കൂടാതെ കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ മ്യൂസിയം പുന:സജ്ജീകരണ പ്രവൃത്തികൾ നടന്നു വരികയാണ്. കൂടാതെ കേന്ദ്രധനസഹായം ഉപയോഗിച്ചുള്ള തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിന്റെ പുന:സജ്ജീകരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. മ്യൂസിയങ്ങളിലെത്തുന്ന സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം പരിസര വികസനവും സൗന്ദര്യവൽക്കരണ പ്രവർത്തികളും വകുപ്പ് നിർവഹിച്ചുവരുന്നുണ്ട്. ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിച്ചു<br><br>മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ട് കെട്ടിടത്തിന്റെ ആധുനിക വൽക്കരണത്തിനും, പ്രദർശന സംവിധാനം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനും പുറമെ തൃശ്ശൂരിൽ സ്ഥിതിചെയ്യുന്ന കലാമ്യൂസിയം പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. കൂടാതെ വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ഒന്നാംഘട്ടം പൂർത്തീകരിച്ച കുങ്കിച്ചിറ മ്യൂസിയത്തിന്റെ രണ്ടാംഘട്ടമായ പ്രദർശന സംവിധാനം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിക്കുന്നതിനാവശ്യമായ DPR സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന നടത്തി വരുന്നു. മാത്രമല്ല, തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുള്ള ലോകപ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മ അടക്കമുള്ള പ്രസിദ്ധ ചിത്രകാരന്മാരുടെ പെയിന്റിംഗുകൾ കാലോചിതമായി സംരക്ഷിക്കുന്നതിനും ശ്രീചിത്രാ ആർട്ട് ഗ്യാലറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**